New Clause after Clause 3

Mr. Speaker: Shri M. Narayana Kurup may move amendment No. 9.

Shri M. Narayana Kurup: Sir, I move the following amendment:

After clause 3, add the new clause 3A.

3A. After Section 6 in the principal Act add the following new Section 6A.

"6A. Notwithstanding anything contained in Section 6 or any other provisions of this Act no suit or other proceedings shall be instituted or continued in any court for the recovery of arrears of rent accrued due before 31st day of December 1963, on the ground that the tenant has failed to deposit the arrears of rent within the period and in the manner prescribed under Section 6 and all such pending suits and proceedings shall stand stayed till 31st day of March 1964.

Minister for Home Affairs **(Shri P. T. Chacko)** : Sir, I oppose the amendment.

Mr. Speaker: Mr. Narayana Kurup.....

Shri M. Narayana Kurup: Sir, I am not pressing my amendment.

Amendment No. 9 moved by Shri M. Narayana Kurup was, by leave, withdrawn.

Clause 4

The question that Clause 4 stand part of the Bill was put and carried.

Clause 4 was added to the Bill.

Clause 1, *Preamble and Title*

The question that Clause 1, Preamble and Title stand part of the Bill was put and carried.

Clause 1, Preamble and Title were added to the Bill.

Shri P. T. Chacko: Sir, I move that the Kerala Tenants and Kudikidappukars Protection (Amendment) Bill, 1964 be finally passed.

Minister for Public Works **(Shri P. P. Ummerkoya):** Sir, I second it.

The question that the Kerala Tenants and Kudikidappukars Protection (Amendment) Bill, 1964 be finally passed was put and carried.

The Bill was passed.

The Payment of Wages (Kerala Amendment) Bill, 1963

Mr. Speaker: The introduction of this Bill is postponed.

The Nurses and Midwives (Amendment) Bill, 1963

Mr. Speaker: We can continue the discussion on the Nurses and Midwives (Amendment) Bill, 1963. Shri Thomman can speak.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എ, തൊമ്മൻ: സർ, ഇതു് ആലോചനക്കെടുക്കുന്നതിനുമുൻപു് ഒരു കാര്യം പറയാനുണ്ടു്. പേമെൻറു് ആഫ് വേജസു് ബിൽ പര്യാലോചനസ്സു് എടുക്കുമെന്നാണു് വിചാരിച്ചിരുന്നതു്. ഇന്നലത്തെയും, ഇന്നത്തെയും അജൻറായിൽ അതു് ഉൾപ്പെടുത്തിയിരുന്നു. അതിനെസംബന്ധിച്ചു് കുറെ നോക്കിയിട്ടാണു വന്നതു്. ഈ ബില്ലിൻെറ ചർച്ച ഇന്നു നടക്കുമെന്നു് ഒരു ധാരണയില്ലായിരുന്നു. എന്നാൽ ഇതിൻെറ ചർച്ചയിൽ പങ്കെടുക്കണമെന്ന ആഗ്രഹവും ഉണ്ടു്. സാധാരണഗതിയിൽ അജൻറാനോക്കി ഇത്രമാത്രം സമയം കൊണ്ടു് ഇതു ചർച്ചക്കു വരാൻ ഇടയില്ലെന്നു ധരിച്ചിരുന്നു. അതുകൊണ്ടു് ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം വേണ്ടിടത്തോളം പഠിക്കാൻ സാധിച്ചിട്ടില്ല. പല അംഗങ്ങൾക്കും ഇതേ അഭിപ്രായമാണുള്ളതെന്നു വിചാരിക്കുന്നു. അതുകൊണ്ടു ബഹുമാനപ്പെട്ട സ്പീക്കറോടു് അഭ്യർത്ഥിക്കുന്നതു് ഇതിൻെറ പരിഗണനയും ചർച്ചയും ഒരു ദിവസത്തേക്കു് നീട്ടിവയ്ക്കണമെന്നാണു്.

Minister for Public Health (**Shri M. P. Govindan Nair**) : Sir, the consideration of this Bill may be postponed.

Mr. Speaker: I think the House agrees.

The House signified its agreement, and the consideration of the Bill was postponed.

The Kerala Medical Practitioners Bill, 1963 (*contd.*)

Mr. Speaker: Now, we pass on to the next item in the agenda, I call upon Shri T. A. Thomman to speak.

ശ്രീ. ടി. എ. തൊമ്മൻ: സർ, കേരളാ മെഡിക്കൽ പ്രാക്ടീഷണേഴ്സു് ബില്ലിൻെറ ചർച്ചയും മാററി വയ്ക്കുന്നതാണു് നല്ലതു്.

ശ്രീ. എൻ. എസ്. കൃഷ്ണ പിള്ള : ശ്രീ. ടി. എ. തൊമ്മൻെറ അഭിപ്രായത്തോടു് ഞാനും യോജിക്കുകയാണു്. ഇപ്പോഴും ചർച്ചചെയ്യാതിരിക്കുകയാണു് നല്ലതു്.

Mr. Speaker : A motion is there. Why can't we continue the discussion ?

ശ്രീ. ടി. എ. തൊമ്മൻ : ഈ ബില്ലു് സെലക്ററു കമ്മിററിക്കു് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിച്ചിട്ടുണ്ടു്. സെലക്ററു കമ്മിററിക്കു് സഹായകമായ വിധത്തിൽ, ഫലപ്രദമായ രീതിയിൽ ഇതിൻെറ ചർച്ച നടത്തുന്നതിനുള്ള സാവകാശം, ഇതു പഠിക്കുന്നതിനുള്ള അവസരം കിട്ടിയിട്ടില്ല.

മി. സ്പീക്കർ : അങ്ങനെ പറഞ്ഞാൽ ശരിയാകുമോ ?

ശ്രീ. ജോർജ്ജു് ജോസഫു് പൊടിപ്പാറ : സർ, ബില്ലു നോക്കിയിട്ടു വന്നവരുണ്ടു്.....

സർ, ഈ ബില്ലു് സെലക്ററു കമ്മിററിക്കയയ്ക്കണമെന്നുള്ള ഉപക്ഷേപത്തെ അനുകൂലിക്കാൻ എനിക്കു സന്തോഷമുണ്ടു്. നമ്മുടെ രാജ്യത്തു് പല സിസ്റ്റത്തിലുള്ള മെഡിക്കൽ പ്രാക്ടീഷണേഴ്സു് നിലവിലുണ്ടു്. ആയുർവ്വേദം, അലോപ്പതി, ഹോമിയോപ്പതി, യുനാനി തുടങ്ങി പലതരം ചികിത്സാസമ്പ്രദായം ഇവിടെ നിലവിലിരിക്കുകയാണു്. ഇത്തരം പല വൈദ്യസമ്പ്രദായങ്ങളും നിലവിലിരിക്കുന്നതിനും പുറമേ, നാട്ടിൻപുറങ്ങളിലും മറും 'തലവേദന' ആണെന്നു പറഞ്ഞാൽ, 'കിണിയാത്തു വെള്ളത്തിൽ ചുക്കു് അരച്ചിട്ടാൽ മതി' എന്നു ഉപദേശം നൽകുന്ന തരത്തിലുള്ള ആളുകളും ഉള്ളതായി കാണാം. ഇത്തരം ഒരു പ്രവണത ഇന്നു നാട്ടിലുണ്ടു്. കാരണം എല്ലാ ആളുകളെ സംബന്ധിച്ചും വൈദ്യസംബന്ധമായ പ്രാഥമികമായ അറിവുള്ളതായി കാണാം. ഈ സാഹചര്യത്തിൽ പല രീതിയിലുള്ള വൈദ്യസമ്പ്രദായങ്ങളും ഈ രാജ്യത്തു നിലവിലിരിക്കുമ്പോഴും, ഗ്രാമ

LIBRARY ARCHIVES Kerala Legislative Assembly